(ഡി) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 114 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 11 കെട്ടിടങ്ങൾ പണിപൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഫോറസ്റ്റ് സ്റ്റേഷനോടനുബന്ധിച്ച് സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കുവേണ്ടി ക്വാർട്ടേഴ്സുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

വനസംരക്ഷണത്തിനായി പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

233 (6383) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാഭാവിക വനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ട് ;

(സി) ഫോറസ്റ്റ് സ്റ്റേഷനുകളില്ലാത്ത ഡിവിഷനുകൾ ഏതൊക്കെയാണ് ; ഇവിടങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സ്വാഭാവിക വനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. Survey of Forest Boundaries (BH:2406-01-005-98 & 4406-01-800-89)
2. Forest Protection (BH: 2406-01-101-81 & 4406-01-800-88)
3. Integrated Forest Management (BH:4406-01-800-88)

വനം കയ്യേറ്റം ഉള്ളതായും അതിർത്തി വ്യക്തമല്ലാത്തതുമായ വനപ്രദേശങ്ങൾ ഫോറസ്റ്റ് മിനി സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ച് ജണ്ടകെട്ടി സംരക്ഷിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 114 ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ട്.

(സി) ഫോറസ്റ്റ് സ്റ്റേഷനുകളില്ലാത്ത ഡിവിഷനുകൾ ചുവടെ ചേർക്കുന്നു :

1. നെന്മാറ
2. അച്ചൻകോവിൽ
3. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

4. മാങ്കുളം
5. പാലക്കാട്
6. നിലമ്പൂർ സൗത്ത്
7. കോഴിക്കോട്
8. കണ്ണൂർ
9. കാസർഗോഡ്
10. തിരുവനന്തപുരം (വന്യജീവി വിഭാഗം)
11. ശെന്തുരുണി (വന്യജീവി വിഭാഗം)
12. ഇടുക്കി (വന്യജീവി വിഭാഗം)
13. പറമ്പിക്കുളം (ടൈഗർ റിസർവ്വ്)
14. ആറളം (വന്യജീവി വിഭാഗം)

വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി ആവശ്യമെന്നു കാണുന്ന ഡിവിഷനുകളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

വനം വച്ചുപിടിപ്പിക്കൽ കരാർ

234 (6384) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമേരിക്ക ആസ്ഥാനമായുള്ള ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി എന്ന പരിസ്ഥിതി സംഘടനയുമായി സഹകരിച്ച് വനം വച്ച് പിടിപ്പിക്കാൻ സംയുക്ത കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി എന്ത് തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; ഇതിൽ സർക്കാരിന്റെ ചെലവ് എത്രയാണ് ;

(സി) ചിന്നാർ മുതൽ ചക്കുപള്ളം വരെയുള്ള 150 ചതുരശ്ര കി.മി. പ്രദേശത്ത് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) അമേരിക്ക ആസ്ഥാനമായുള്ള ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി എന്ന പരിസ്ഥിതി സംഘടനയുമായി സഹകരിച്ച് വനം വച്ച് പിടിപ്പിക്കാൻ സംയുക്ത കരാറിൽ വന്യജീവി വിഭാഗം ഏർപ്പെട്ടിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly